**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2534** | **12.03.2020-ൽ മറുപടിക്ക്**

## ഇതര സംസ്ഥാന തൊഴിലാളികളുടെ കുടുംബങ്ങൾക്ക് സഹായം

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) ഇതര സംസ്ഥാന തൊഴിലാളികൾ കേരളത്തിൽ വച്ച് മരണപ്പെട്ടുമ്പോൾ അവരുടെ കുടുംബങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള സഹായം നൽകിവരുന്നുണ്ടോ; വിശദീകരിക്കാമോ; | (എ) തൊഴിൽ വകുപ്പ് നടപ്പിലാക്കിയ "ആവാസ്" ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഇതര സംസ്ഥാന തൊഴിലാളികൾക്ക് ജോലിക്കിടെ അപകട മരണം സംഭവിക്കുകയാണെങ്കിൽ 2 ലക്ഷം രൂപാ മരണാനന്തര ധനസഹായമായി അവരുടെ ആശ്രിതർക്ക് നൽകിവരുന്നു. കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം, കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗമാണെങ്കിലും അല്ലെങ്കിലും കേരളത്തിനകത്ത് വെച്ച് മരണമടയുന്ന തൊഴിലാളിയുടെ നിയമപരമായ അവകാശിക്ക് 25,000/-രൂപ (ഇരുപത്തയ്യായിരം രൂപ മാത്രം) നിധിയിൽ നിന്നും മരണാനന്തര ആനുകൂല്യമായി നൽകുന്നു. ജോലിക്കിടയിൽ സംഭവിക്കുന്ന അപകടംമൂലമാണ് മരണമടയുന്നതെങ്കിൽ ധന സഹായം 2,00,000/-രൂപ (രണ്ടു ലക്ഷം രൂപ മാത്രം) ആയിരിക്കുന്നതാണ്. ഈ പദ്ധതിയിൽ അംഗമാണെങ്കിലും അല്ലെങ്കിലും കേരള സംസ്ഥാനത്തിനകത്ത് തൊഴിലിൽ ഏർപ്പെട്ടിരിക്കെ മരണമടയുന്ന ഏതൊരു കുടിയേറ്റ തൊഴിലാളികൾക്കും (എന്നാൽ ആവാസ് പദ്ധതിയിൻ കീഴിൽ മരണാനന്തര ധനസഹായം ലഭ്യമായവർക്ക് ബാധകമല്ല) പ്രസ്തുത ധനസഹായത്തിന് അർഹതയുണ്ടായിരിക്കും. |
| (ബി) മരണപ്പെടുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് സംസ്ഥാന സർക്കാർ നൽകിവരുന്നതെന്ന് വിശദീകരിക്കാമോ; | (ബി) കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം കേരള സംസ്ഥാനത്തിനകത്ത് വച്ച് മരണം സംഭവിക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ മൃതശരീരം എംബാം ചെയ്ത് സ്വദേശത്തേക്ക് എത്തിക്കുന്നതിന് യഥാർത്ഥത്തിൽ ചെലവായ തുകയോ അല്ലെങ്കിൽ പരമാവധി 50,000/- രൂപയോ ഏതാണ് കുറവ് അത് നൽകിവരുന്നുണ്ട്. ഈ തുകയുടെ സത്വരവിതരണത്തിനായി എല്ലാ ജില്ലാ ലേബർ |

ഓഫീസർ (എൻഫോഴ്സ്മെന്റ്) മാർക്കും റിവോൾവിംഗ് ഫണ്ട് അനുവദിച്ചിട്ടുണ്ട്. എറണാകുളം ജില്ലയ്ക്ക് അഞ്ച് ലക്ഷം രൂപയും, തിരുവനന്തപുരം, കോഴിക്കോട് ജില്ലകൾക്ക് നാലു ലക്ഷം രൂപ വീതവും, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകൾക്ക് മൂന്നു ലക്ഷം രൂപ വീതവും ഇടുക്കി, വയനാട്, കാസറഗോഡ് ജില്ലകൾക്ക് രണ്ടു ലക്ഷം രൂപയുമാണ് നിലവിൽ റിവോൾവിംഗ് ഫണ്ടായി അനുവദിച്ചിട്ടുളളത്.

| | |
|---|---|
| (സി) വിദേശരാജ്യങ്ങളിൽ നിന്നും വിദഗ്ധ അവിദഗ്ധ തൊഴിലാളികളെ കൊണ്ടുവന്ന് പണിയെടുപ്പിക്കുന്ന സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ; വിശദീകരിക്കുമോ? | (സി) ഐ.ടി. മേഖലയിൽ വിദേശ രാജ്യങ്ങളിൽ നിന്നുളള വിദഗ്ധ തൊഴിലാളികൾ ജോലി ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രത്യേക തൊഴിൽ വൈദഗ്ധ്യം ആവശ്യമായ സാഹചര്യത്തിലാണ് ഇവരെ ഇത്തരത്തിൽ ജോലിക്കായി നിയോഗിക്കേണ്ടി വരുന്നതായി കാണുന്നത്. |

സെക്ഷൻ ഓഫീസർ.